# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 281 11/6/2012 ൽ മറുപടിക്ക്

### ശമ്പള കുടിശ്ശിക പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) ശമ്പള പരിഷ്കരണ കുടിശ്ശിക സമയബന്ധിതമായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കാത്തതുമൂലം സംസ്ഥാനത്തെ പകുതിയോളം പോലീസുകാർക്ക് പലിശയിനത്തിൽ കോടികളുടെ നഷ്ടം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സാങ്കേതിക തടസ്സം മൂലം ഫിക്സേഷൻ പൂർത്തിയാകാത്തതോ മറ്റ് യൂണിറ്റിൽ നിന്നും ശമ്പള വിവരണ പട്ടിക ലഭിക്കാത്തതോ ദിവസങ്ങൾക്കു മുമ്പ് മാത്രം ഫിക്സേഷൻ നടത്തിയവരോ ആയ പരിമിത എണ്ണം പോലീസ് ഉദ്യോഗസ്ഥർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക നൽകാൻ താമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) 2011 ഫെബ്രുവരി 28-ന് നിലവിൽ വന്ന ശമ്പള പരിഷ്കരണ ഉത്തരവിന്റെ പ്രയോജനം തേർന്നുറഞ്ഞ നഷ്ടം പരിഹരിച്ച് പോലീസുകാർക്ക് ഉടനടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ